ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യങ്ങൾ നീക്കുവാനുള്ള പദ്ധതികൾ

40 (1728) ശ്രീ. എൻ. ശക്തൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽക്കൂടി ഒഴുകുന്ന ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യങ്ങൾ മാറ്റുവാൻ എന്തെങ്കിലും പദ്ധതി ഉണ്ടോ ;

(ബി) പ്രസ്തുത തോട്ടിൽ നീരൊഴിക്കില്ലാതെ മാലിന്യങ്ങൾ കെട്ടികിടക്കുന്നതുമൂലം ആയതിന്റെ ഇരുകരകളിലും താമസിക്കുന്നവർക്ക് ഉണ്ടാകുന്ന കടുത്ത ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തോട്ടിലെ മാലിന്യങ്ങൾ മാറ്റിയും ആഴം വർദ്ധിപ്പിച്ചും നീരൊഴുക്ക് നിലനിർത്തുവാൻ അടിയന്തിര നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പട്ടം-മുറിഞ്ഞപാലം സ്വിവേജ് പണിയുമായി ബന്ധപ്പെട്ട അപാകതകൾ

41 (1729) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടം-മുറിഞ്ഞപാലം-പ്ലാമൂട് പമ്പ്ഹൗസുകൾ പ്രവർത്തനക്ഷമം ആകുമ്പോൾ എത്ര വീടുകൾക്ക് ഡ്രെയിനേജ് കണക്ഷൻ ലഭിക്കുമെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത് ;

(സി) പട്ടം-മുറിഞ്ഞപാലം പമ്പ് ഹൗസ് കമ്മീഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ലിയു.ഡി. റോഡിലെ ഗതാഗതം നിയന്ത്രിച്ചു നടത്തിയ പണി വളരെ വൈകിയാണ് പൂർത്തിയായതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്വീവേജ് ലൈൻ പണി പൂർത്തിയാക്കാൻ അനുവദിച്ച കാലപരിധി എത്ര ആഴ്ചകളായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിച്ചുവെന്നും എപ്പോൾ അവസാനിച്ചുവെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ ഒരു യോഗം വിളിച്ചു ചേർത്തിരുന്നോ ;

(ജി) കളക്ടറുടെ യോഗത്തിൽ അംഗീകരിക്കപ്പെട്ട തീയതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ ;

(എച്ച്) പട്ടം-മുറിഞ്ഞപാലം സിവേജ്ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി ഏതെങ്കിലും യോഗം വിളിച്ചിട്ടുണ്ടായിരുന്നോ ;

(ഐ) പ്രസ്തുത പ്രവർത്തനം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ ;

(ജെ) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശങ്ങൾ പാലിക്കാനാകാതെ പോയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(കെ) പ്രധാനപ്പെട്ട നഗരപാതകളിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന നിർമ്മാണപ്രവർത്തനങ്ങൾ നിരീക്ഷിക്കാനും വിലയിരുത്താനും സമയോചിതമായ തീരുമാനങ്ങളെടുക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണ് ;

(എൽ) പട്ടം-മുറിഞ്ഞപാലം സിവേജ് ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട്, മേയ്, ജൂൺ മാസങ്ങളിൽ ഉദ്യോഗസ്ഥ നിലവാരത്തിൽ ഉചിതമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ ;

(എം) കാൽനടയാത്രപോലും അസാദ്ധ്യമാക്കുംവിധം രണ്ടാഴ്ചയോളം റോഡരുകിലേയ്ക്കും ഫുട്പാത്തിന്റെ വശങ്ങളിലും മണ്ണും ചെളിയും നിറഞ്ഞുകവിയാൻ കാരണമായ പ്രവൃത്തി ഒഴിവാക്കാമായിരുന്നോ ;

(എൻ) സിവേജ് ലൈൻ പണിയുമായി ബന്ധപ്പെട്ട അപാകതകൾ വിലയിരുത്തി ഉചിതമായ മേൽനടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ;

(ഒ) പട്ടം-മുറിഞ്ഞപാലം സിവേജ്ലൈൻ എന്നത്തേയ്ക്ക് പ്രവർത്തനക്ഷമം ആക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പട്ടം-മുറിഞ്ഞപാലം പമ്പുഹൗസുകൾ പ്രവർത്തനക്ഷമമാകുമ്പോൾ ഉദ്ദേശം 1800 വീടുകൾക്ക് സിവറേജ് കണക്ഷൻ ലഭിക്കും.

(ബി) പട്ടം-മുറിഞ്ഞപാലം പമ്പുഹൗസുകൾക്കും പൈപ്പുലൈനിനും കൂടി ഉദ്ദേശം 18 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) എഗ്രിമെന്റിൽ അനുവദിച്ചിട്ടുള്ള കാലാവധി 6 മാസം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പട്ടം മുതൽ പൊട്ടക്കുഴി വരെയുള്ള പണി 9-2-2002-ന് തുടങ്ങുകയും 28-1-2003-ൽ അവസാനിക്കുകയും ചെയ്തു. പൊട്ടക്കുഴി മുതൽ മുറിഞ്ഞപാലം വരെയുള്ളപണി 8-3-2003-ന് ആരംഭിക്കുകയും 10-6-2003-ന് അവസാനിക്കുകയും ചെയ്തു.

(എഫ്) വിളിച്ചുചേർത്തിരുന്നു.

(ജി) പട്ടം തൊട്ട് മുറിഞ്ഞപാലം വരെയുള്ള പണികൾ കളക്ടറുടെ യോഗത്തിൽ അംഗീകരിക്കപ്പെട്ട തീയതിക്കുള്ളിൽ തന്നെ പൂർത്തിയാക്കി. എന്നാൽ പൊട്ടക്കുഴി മുതൽ മുറിഞ്ഞപാലം വരെയുള്ള പണികൾ അനുവദിച്ച കാലപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പൊട്ടക്കുഴി മുതൽ മുറിഞ്ഞപാലം വരെയുള്ള റോഡിന്റെ വീതി കുറവും റോഡിൽ ടെലിഫോൺ കേബിളുകളുടെയും, ഇലക്ട്രിക് കേബിളിന്റെയും എണ്ണക്കൂടുതലും മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന 400 മി.മീ വാട്ടർ സപ്ലൈലൈനും 150 മി. മീ കാസ്റ്റ് അയണിന്റെ രണ്ട് വാട്ടർ സപ്ലൈ ലൈനും, മലിനജലം തനിയെ ഒഴുകിപോകാൻ വേണ്ടി പൈപ്പ് ആഴത്തിൽ സ്ഥാപിക്കേണ്ടി വന്നതും, ഉയർന്ന ജലനിരപ്പും, വയൽ നികത്തിയ സ്ഥലം ആയതുകൊണ്ടുമാണ് പണി ഉദ്ദേശിച്ച വേഗതയിൽ പൂർത്തിയാക്കാൻ സാധിക്കാത്തത്.

(എച്ച്) വിളിച്ചിട്ടുണ്ടായിരുന്നു.

(ഐ) ജൂൺ 7-ന് പണി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(ജെ) ജൂൺ 7നുതന്നെ കഴിയുന്നതും പണികൾ തീർത്ത് ഇരുചക്ര വാഹനങ്ങൾക്കും കാറുകൾക്കും വേണ്ടി ഗതാഗതം അനുവദിക്കുകയും ബാക്കിയുള്ള ചെറിയ പണികൾ ജൂൺ 10നകം തീർക്കുകയും ചെയ്തു.

(കെ) എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ ഓഫീസർമാരാണ് നിർമ്മാണ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും വിലയിരുത്താനും സമയോചിത തീരുമാനങ്ങൾ എടുക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ.

(എൽ) ഉണ്ട്.

(എം) വയൽ നികത്തിയ സ്ഥലമായതുകൊണ്ട് കുഴിച്ച മണലിൽ ചെളിയുടെയും വെള്ളത്തിന്റെയും അളവ് വളരെ കൂടുതലായതിനാൽ മഴ പെയ്തപ്പോൾ പൈപ്പ് ലൈൻ മൂടിയ കുഴികളിൽ നിന്നും ചെളി കലർന്ന വെള്ളം പാർശ്വഭാഗങ്ങളിൽ കൂടി ഒഴുകി ഒലിച്ച് ചെളിക്കെട്ടായതിനാൽ വളരെ ബുദ്ധിമുട്ടുണ്ടായി.

(എൻ) സ്വീകരിക്കുന്നുണ്ട്.

(ഒ) ഈ ലൈൻ ഇലക്ട്രിക് സപ്ലൈ കിട്ടുകയാണെങ്കിൽ ജൂലൈ അവസാനത്തോടുകൂടി പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly